# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

## (നിലവിൽ ശ്രീമതി.ശാരദ.എസ്)

2475/18

വിഷയം :- പിന്നാക്ക വിഭാഗ വികസനം - എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസുകളിൽ ഔദ്യോഗികാവശ്യത്തിന് വാഹനം വാടകയ്ക്ക് എടുക്കുന്നതിനുളള അനുമതി ഉത്തരവാകുന്നു.

പരാമർശം:- 1) സ.ഉ(സാധാ) നമ്പർ. 101/14/2014/BCDD തീയതി: 13/11/2014.

2) കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ 11.06.2018 തീയതിയിലെ DDKKD/A2/952/18 നമ്പർ കത്ത്

3)എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ 26.07.2018 തീയതിയിലെ DDEKM/A1/2431/18 നമ്പർ കത്ത്

.............................................................................................................

ഉത്തരവ് നമ്പർ : **BCDD/A1/886/2018 (1)** തീയതി: **03/08/ 2018**

.............................................................................................................

പിന്നാക്ക വിഭാഗ വികസന വകുപ്പിൻ കീഴിൽ കോഴിക്കോടും, എറണാകുളത്തും പ്രവർത്തിച്ചു വരുന്ന മേഖലാ ഡെപ്യൂട്ടി ഡയറക്ടർ കാര്യാലയങ്ങൾക്ക് വകുപ്പ് സംസ്ഥാന തലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണഭോക്തൃ നിർണ്ണയ ചുമതലയുണ്ട്. വടക്കൻ പ്രദേശത്തെ 6 ജില്ലകളുടെ ചുമതല കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്കും തെക്കൻ പ്രദേശത്തെ 6 ജില്ലകളുടെ ചുമതല എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്കുമാണ് വിഭജിച്ച് നൽകിയിട്ടുളളത്. വ്യാപിച്ചു കിടക്കുന്ന പ്രവർത്തന മേഖലയായതിനാൽ ഫീൽഡ്തല അന്വേഷണം നടത്തി ഗുണഭോക്തൃ നിർണ്ണയം നടത്തുന്നതിന് ഔദ്യോഗിക സന്ദർശനങ്ങൾ നടത്തുന്നതിനും വാഹന സൗകര്യമില്ലാത്തത് ഫീൽഡ്തല പരിശോധന വൈകിക്കുന്ന സാഹചര്യമാണുളളതെന്നും,വിവിധ പദ്ധതികളുടെ നടത്തിപ്പും, മോണിറ്ററിങ്ങും ഫലപ്രദമായി നടപ്പിലാക്കുന്നതിന് പരിശോധന ഊർജ്ജിതമാക്കാൻ വാഹനം വാടകയ്ക്കെടുത്ത് പോകുന്നതിന് അനുമതി നൽകണമെന്നും പരാമർശം (1).(2) പ്രകാരം എറണാകുളം,കോഴിക്കോട് മേഖലാ ഡപ്യൂട്ടി ഡയറക്ടർമാർ അഭ്യർത്ഥിച്ചിരുന്നു.

അടിയന്തിര സാഹചര്യങ്ങളിൽ പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ കോഴിക്കോട് എറണാകുളം മേഖലാ ഓഫീസുകളിൽ ഓഫീസ് ആവശ്യത്തിനായി സർക്കാർ നിശ്ചയിച്ചിട്ടുളള നിരക്കിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിന് പരാമർശം (1) പ്രകാരം ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ അടിയന്തിര സാഹചര്യങ്ങളിൽ പരാമർശം (1) ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി ഡ്രൈവർ ഉൾപ്പെടെ വാഹനം (Non A/c) വാടകയ്ക്ക്

എടുക്കുന്നതിനുള്ള അനുമതി എറണാകുളം, കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നൽകി ഇതിനാൽ ഉത്തരവാകുന്നു.

വാഹനം വാടകയ്ക്ക് എടുക്കുന്നതിന് നിലവിലുള്ള ചട്ടങ്ങളും,നടപടി ക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതും മേൽപ്പടി വാടകയ്ക്ക് എടുക്കുന്ന വാഹനത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് അതാത് ഓഫീസുകളിൽ പ്രത്യേക രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും പ്രതിമാസ റിപ്പോർട്ട് വകുപ്പ് ഡയറക്ടർക്ക് നൽകേണ്ടതുമാണ്.

വാഹനം വാടകയ്ക്ക് എടുക്കുന്നതുമായി ബന്ധപ്പെട്ട ചിലവുകൾ നടപ്പു സാമ്പത്തിക വർഷത്തെ 2225-03-001-98 (P) എന്ന ശീർഷകത്തിൽ നിന്നും തേർച്ച ചെയ്ത് ചിലവഴിക്കേണ്ടതും നടപടി ഉത്തരവിന്റെ പകർപ്പ് യഥാസമയം ഡയറക്ടർക്ക് നൽകേണ്ടതാണ്.

ഡയറക്ടർ

1) ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
2) ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

പകർപ്പ്;-

1. പ്രിൻസിപ്പൽ സെക്രട്ടറി (ഉപരിപത്രം സഹിതം)
2. അക്കൗണ്ടന്റ് ജനറൽ(എ & ഇ) (ഉപരി പത്രം സഹിതം)
3. ഡയറക്ടറുടെ മേശമേൽ
4. സ്റ്റോക്ക് ഫയൽ / സ്പെയർ